"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.മീട്ടു മാത്യു ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.916/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 20.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2600/2023/H&FWD തീയതി,തിരുവനന്തപുരം, 09-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.മീട്ടു മാത്യു ജൂനിയർ കൺസൽട്ടന്റ് സമർപ്പിച്ച 19.06.2023 തീയതിയായ അപ്പീൽ (Annexure A5)
3. OA(EKM) No.916/2023-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 20.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

<u>ഉത്തരവ്</u>

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.മീട്ടു മാത്യു ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.916/2023 ഫയൽ ചെയ്യുകയും ഉണ്ടായി. 20.06.2023-ലെ ഉത്തരവ് പ്രകാരം അപേക്ഷകയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

491753

GOVERNMENT OF KERALA 2017-18

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെയും എതിർകക്ഷിയെയും നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) കരട് സ്ഥലംമാറ്റ ഉത്തരവിൽ പള്ളുരുത്തി താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽ കിയിരുന്നെങ്കിലും അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ ഓപ്റ്റ് ചെയ്യാത്ത കട്ടപ്പന താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി എന്നും പൊതുസ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശ ഉത്തരവ് clause 21 പ്രകാരം ഈ മാറ്റം മുൻകൂട്ടി അറിയിച്ചിരുന്നില്ല എന്നും, 7ഉം 4ഉം വയസ്സുള്ള കുഞ്ഞുങ്ങളുള്ളതിനാൽ പള്ളുരുത്തി താലൂക്ക് ആശുപത്രിയിലേയ്ക്കോ, എറണാകുളം ജില്ലയിലെ മറ്റേതെങ്കിലും ആശുപത്രിയിലോ നിയമനം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെടുകയുണ്ടായി.

4) കമ്മിറ്റി വിഷയം പരിശോധിക്കുകയുണ്ടായി. അപേക്ഷക ആവശ്യപ്പെട്ട സ്ഥലങ്ങളിൽ നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ടിയാളെക്കാൾ കൂടുതൽ അർഹതയുള്ളവരെയാണ്. എന്നിരുന്നാലും അപേക്ഷകയുടെ അപ്പീലിലെ ആവശ്യം കണക്കിലെടുത്ത് എറണാകുളം ജില്ലയിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിലേക്ക് അപേക്ഷകയുടെ അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കാവുന്നതാണെന്ന് കമ്മിറ്റി ശിപാർശ ചെയ്തു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് എറണാകുളം ജില്ലയിൽ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ തൊട്ടടുത്ത് ഉണ്ടാകുന്ന ഒഴിവിലേക്ക് അപേക്ഷകയുടെ അർഹതക്കനുസരിച്ച് ടിയാളെ പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.916/2023-ന്മേലുള്ള 20.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

വേലപ്പുഞ്ഞ് നം. ഇ. എ -5160/2023/ആ.വ.വ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

തീയതി 10.10.2023

SREEJITH V P

ജോയിന്റ് സെക്രട്ടറി

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.വയ്ക്ക് വേണ്ടി.